➪ *അടിസ്ഥാന ജനവിഭാഗങ്ങളുടെ പിന്തുണ പാർട്ടിക്ക് നഷ്ടമാകാൻ തുടങ്ങി* ➪

# ഭൂസമരം കാണാൻ ചെങ്ങറയിലേക്ക് വരൂ

ചെങ്ങറ സമരത്തിന്റെ വിജയത്തിന് ശേഷം കക്ഷിരാഷ്ട്രീയത്തിന് അതീതമായി പട്ടികജാതി വിഭാഗങ്ങളുടെ പക്ഷത്ത് നിന്നും സ്വതന്ത്രമായ ഭൂസമരങ്ങൾ ഉയർന്നുവന്നത് സി.പി.എമ്മിന് ക്ഷീണമായി. നഷ്ടപ്പെട്ടുപോയ അടിസ്ഥാന ജനവിഭാഗങ്ങളുടെ പിന്തുണ തിരിച്ചുപിടിക്കുക എന്നതാണ് ഈ സമരത്തിന് പിന്നിലെ താത്പര്യം

**ളാഹാ ഗോപാലൻ**

**വ്യക്തമായ** ആവശ്യങ്ങളൊന്നും മുന്നോട്ട് വയ്ക്കാത്ത സമരമായിരുന്നു സി.പി.എമ്മിന്റേത്. ഭൂരഹിതർക്ക് കൃഷി ഭൂമി നൽകണമെന്ന വ്യക്തമായ ആവശ്യം മുന്നോട്ട് വയ്ക്കുന്ന ചെങ്ങറ ഭൂസമരം ശരിയായ സമരമല്ലെന്ന് പറഞ്ഞ് ആക്ഷേപിച്ച സി.പി.എം മുന്നോട്ട് വയ്ക്കാൻ മുദ്രാവാക്യങ്ങളൊന്നുമില്ലാതെ നടത്തിയ ഈ ഭൂസമരം അപ്പാടെ പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ ഭൂരഹിതർ നടത്തുന്ന യഥാർത്ഥ ഭൂസമരങ്ങളെ തകർക്കാനുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടവ് നയമാണ് ഈ സമരത്തിലൂടെ പുറത്ത് വന്നത്. എ.കെ. ആന്റണി ഭരിച്ചിരുന്ന കാലത്ത് ആദിവാസികൾക്ക് ഒന്നു മുതൽ അഞ്ച് ഏക്കർ വരെ ഭൂമി കൊടുക്കാമെന്ന് കരാറുണ്ടാക്കിയിരുന്നു. അത് ഒരേക്കറായി നിജപ്പെടുത്തിയത് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാറാണ്. അതുപ്രകാരം അവർ പലയിടത്തും ഭൂമി കൊടുക്കുകയും ചെയ്തു. അവർ തന്നെ നടപ്പിലാക്കിയ ആ കാര്യമാണ് ഈ സമരത്തിലും അവർ ആവശ്യമായി മുന്നോട്ടുവച്ചത്. സി.പി.എമ്മിന് കേരളത്തിലെ ഭൂമി പ്രശ്നത്തെക്കുറിച്ച് വ്യക്തതയില്ല എന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത്.

ചെങ്ങറ സമരത്തിന്റെ വിജയത്തിന് ശേഷം കക്ഷിരാഷ്ട്രീയത്തിന് അതീതമായി പട്ടികജാതി വിഭാഗങ്ങളുടെ പക്ഷത്ത് നിന്നും സ്വതന്ത്രമായ ഭൂസമരങ്ങൾ ഉയർന്നുവന്നത് സി.പി.എമ്മിന് ക്ഷീണമായി. അടിസ്ഥാന ജനവിഭാഗങ്ങളുടെ പിന്തുണ പാർട്ടിക്ക് നഷ്ടമാകാൻ തുടങ്ങി. അത് തിരിച്ചുപിടിക്കുക എന്നതാണ് ഈ സമരത്തിന് പിന്നിലെ യഥാർത്ഥ താത്പര്യം. പല തവണ പയറ്റി മുനയൊടിഞ്ഞ തന്ത്രമാണിത്. മുത്തങ്ങ സമരത്തെ തുടർന്ന് ആദിവാസി ക്ഷേമ സമിതിയും ചെങ്ങറ സമരത്തെ തുടർന്ന് പട്ടികജാതി ക്ഷേമ സമിതിയും സി.പി.എം രൂപീകരിച്ചത് ഇതേ തന്ത്രത്തിന്റെ ഭാഗമായാണ്. ആ തട്ടിപ്പുകൾക്കൊന്നും കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളെ ഇനി അവർക്ക് കിട്ടാൻ പോകുന്നില്ല.

പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഹാരിസൺ വർഷങ്ങളായി കൈയിൽ വച്ചിരിക്കുന്ന സർക്കാർ ഭൂമിയിലേക്ക് കയറിയാണ് ചെങ്ങറ സമരപ്രവർത്തകർ കുടിൽകെട്ടിയത്. ഹാരിസണിനെപ്പോലെയുള്ള വമ്പൻ ഭൂമാഫിയകളെ ഒഴിവാക്കിയാണ് സി.പി.എം ഭൂസമരം




നടത്തിയത്. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന ഹാരിസണിനെ സംരക്ഷിക്കുന്ന നയമാണ് അവർക്കുള്ളതെന്ന് ചെങ്ങറ സമരത്തിനോട് സ്വീകരിച്ച സമീപനത്തിൽ നിന്നുതന്നെ വ്യക്തമാണ്.

ഏതായാലും സമരം പൊളിഞ്ഞ സ്ഥിതിക്ക് കേരളത്തിലെ ഭൂരഹിതരായ ആദിവാസികളോ പട്ടികജാതിക്കാരോ ഇനി സി.പി.എം ഭൂമി കണ്ടെത്തിതരുമെന്ന് വിശ്വസിച്ച് അവരോടൊപ്പം പോകില്ല. ഈ സമരത്തിലൂടെ സി.പി.എമ്മിനുള്ളത് രാഷ്ട്രീയ താത്പര്യങ്ങൾ മാത്രമാണെന്ന് എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. നിലവിലുള്ള നയം വേഗത്തിൽ നടപ്പിലാക്കണമെന്ന് പറയാൻ എന്തിനാണ് ഭൂമി കൈയ്യേറി, ജയിൽ നിറയ്ക്കാൻ തയ്യാറായി ഇത്തരമൊരു സമരം നടത്തണം. ആദിവാസികൾക്ക് ഒരേക്കറും പട്ടികജാതിക്കാർക്ക് മൂന്ന് സെന്റും കൊടുക്കണമെന്നത് നിലവിലുള്ള സർക്കാർ നയമാണ്. അത് വേഗത്തിൽ നടപ്പിലാക്കാനായി ഇങ്ങനെ സമരം ചെയ്യേണ്ട കാര്യം തന്നെയില്ല. ഭൂരഹിതർക്ക് കൃഷി ഭൂമി നൽകണമെന്ന മുദ്രാവാക്യം സി.പി.എം ബോധപൂർവ്വം ഒഴിവാക്കി. ആത്മാർത്ഥമല്ലാത്ത ഇത്തരം സമരങ്ങളിലൂടെ ആ മുദ്രാവാക്യം യാഥാർത്ഥ്യമാക്കാൻ കഴിയില്ലെന്ന് അവർക്കറിയാം. അതുകൊണ്ടാണ് അതൊഴിവാക്കിയത്. രാഷ്ട്രീയ ലാഭത്തിനായി നടത്തുന്ന സമരത്തിന് അടിസ്ഥാന പ്രശ്നങ്ങൾ മുദ്രാവാക്യങ്ങളായി വയ്ക്കാൻ കഴിയില്ല. ഭൂരഹിതർക്ക് കൃഷി ഭൂമി നൽകണമെന്ന മുദ്രാവാക്യം ഞങ്ങൾ മുന്നോട്ടുവയ്ക്കാനുള്ള കാരണമെന്താണെന്നറിയാൻ നിങ്ങൾ ചെങ്ങറയിലേക്ക് വരണം. ചെങ്ങറയിൽ കുടിൽകെട്ടി താമസിക്കുന്നവർക്ക് ആവശ്യമായ പച്ചക്കറി ഞങ്ങൾ അവിടെ ത്തന്നെ ഉത്പാദിപ്പിക്കുന്നുണ്ട്. കീടനാശിനിയും രാസവളവുമൊന്നുമില്ലാത്ത നല്ല ജൈവപച്ചക്കറി. ആവശ്യമുള്ളതെടുത്തിട്ട് ബാക്കിയുള്ളത് ഞങ്ങൾ പത്തനംതിട്ട മാർക്കറ്റിലും കൊടുക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാർ ചെങ്ങറയിൽ വന്ന് കാര്യങ്ങൾ കണ്ടു പഠിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ■

## ചെങ്ങറ തുടരുന്നു

ഒത്തുതീർപ്പ് വ്യവസ്ഥകൾ ഒന്നും നടപ്പിലാകാതെ ചെങ്ങറ സമരം അഞ്ചാം വർഷവും തുടരുകയാണ്. ഭൂമി ലഭിക്കാത്ത 500 ലേറെ കുടുംബങ്ങൾ ഇപ്പോഴും ചെങ്ങറ സമരഭൂമിയിൽ ജീവിതം തുടരുകയാണ്. ഇതുവരെ വാസയോഗ്യ ഭൂമി ലഭിച്ചത് 65 പേർക്ക് മാത്രം. സർക്കാർ പ്രഖ്യാപന പ്രകാരം ഇനിയും ഭൂമി ലഭിക്കേണ്ടത് 2135 പേർക്ക്. 2007 ആഗസ്റ്റ് നാലിനാണ് ഹാരിസൺ മലയാളം പ്ളാന്റേഷൻസിന്റെ പാട്ടക്കാലാവധി കഴിഞ്ഞ റബർതോട്ടത്തിൽ ആയിരക്കണക്കിന് ദലിതർ കൃഷി ഭൂമി ആവശ്യപ്പെട്ട് സമരം ആരംഭിച്ചത്. ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം 1495 പേർക്ക് സംസ്ഥാനത്ത് 10 ജില്ലകളിലായി പട്ടയം നൽകി. ഇതിൽ മിക്കതും വാസയോഗ്യമായ ഭൂമിയല്ല. യു.ഡി.എഫ് സർക്കാർ സമര സമിതി നിർദേശിക്കുന്ന 1000 പേർക്കുകൂടി 25 സെന്റ് വീതം നൽകുമെന്ന് പ്രഖ്യാപിച്ചു. ഇതിനും നടപടി ആയിട്ടില്ല. ചെങ്ങറയിൽ കഴിയുന്ന 500 ഓളം കുടുംബങ്ങൾ 50 സെന്റ് ഭൂമി പകുത്തെടുത്ത് കൃഷി ചെയ്ത് ജീവിക്കുകയാണിപ്പോൾ.